**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5090** **20-07-2022 - ൽ മറുപടിയ്ക്ക്**

**സർവ്വെയർമാർക്ക് ലൈസൻസ് നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 1995 മുതൽ ചില താലൂക്കുകളിൽ ആധാരത്തോടൊപ്പം ഗവ. ലൈസൻസ്ഡ് സർവ്വേയർമാർ നൽകുന്ന അളവോട്ടുകൂടിയ സ്കെച്ച് വച്ച് ആധാരം രജിസ്റ്റർ ചെയ്യുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അതിർത്തി തർക്കങ്ങളും കള്ള ആധാരങ്ങൾ ഇല്ലാതാക്കുന്നതിനും സഹായകരമാകുമെന്നു കരുതുന്നുണ്ടോ; | (എ) | ആലുവ, കോട്ടയം താലൂക്കുകളിലെ ടോറൻസ് സമ്പ്രദായം നിലവിലുള്ള വില്ലേജുകളിൽ ലൈസൻസ്ഡ് സർവ്വെയർമാർ നൽകുന്ന അളവോട്ടുകൂടിയ സ്കെച്ച് വച്ച് ആധാരം രജിസ്റ്റർ ചെയ്യുന്ന രീതി നിലവിലുണ്ട്. ഇത് അതിർത്തി തർക്കങ്ങളും വ്യാജ ആധാരങ്ങളും കുറയ്ക്കുവാൻ സഹായകരമാകും. |
| (ബി) | ഇത്തരത്തിൽ ആധാരത്തോടൊപ്പം സർവ്വേയറുടെ സ്കെച്ച് നൽകുന്നതിന് സർവ്വെയർമാർക്ക് ലൈസൻസ് നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടോ? | (ബി) | കോട്ടയം. ആലുവ താലൂക്കുകളിൽ ആധാരത്തോടൊപ്പമുള്ള സ്കെച്ച് തയ്യാറാക്കി നൽകുന്നത് ലൈസൻസുള്ള സർവ്വെയർമാർ മാത്രമാണ്. സർവ്വെയും ഭൂരേഖയും വകുപ്പ് മുഖേന ലൈസൻസ് നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ